

● ഇൻഗ്രിഡ് മാറ്റ്സൻ

# മുഹമ്മദ് നബി

# വിശ്വാസികൾ വരയ്ക്കുന്ന ഛായാചിത്രം

**പ്രവാചകന്റെ ഏറ്റവും മനോഹരമായ ഛായാചിത്രം, പിൻപറ്റുന്നവരുടെ ജീവിതങ്ങളാൽ വരയ്ക്കപ്പെടുന്നു. തലമുറകൾ കഴിഞ്ഞിട്ടും പ്രവാചകചര്യകളുടെ സ്വാധീനം മുസ്‌ലിം മനസ്സുകളിൽ നിലനിൽക്കുന്നു. ഇനിയും തലമുറകളിലൂടെ പകർന്നുകൊണ്ട് നിലനിൽക്കുകയും ചെയ്യും. ഒരിക്കൽ എന്റെ മകന്റെ മതപഠന ക്ലാസ്സ് സന്ദർശിച്ചപ്പോൾ, അവന്റെ വസ്ത്രധാരണ രീതിയും ഖുർആൻ പാരായണവും പെരുമാറ്റ രീതികളും, മഹത്തായ ഒരു പ്രവാചകന്റെ പാരമ്പര്യമാണവൻ പിൻപറ്റുന്നതെന്നറിഞ്ഞ എനിക്കനുഭവപ്പെട്ട അനുഭൂതി അനിർവചനീയമാണ്.**

**മുസ്‌ലിമാകുന്നതിനു** മുമ്പ് വളരെയധികം സമയം കലാപ്രവർത്തനങ്ങൾക്കായി ഞാൻ ചെലവഴിച്ചിരുന്നു. ഫൈൻ ആർട്സിലും ഫിലോസഫിയിലും ഡിഗ്രി പൂർത്തിയാക്കുന്നതിനിടെ മണിക്കൂറുകൾ ക്ലാസ്സ് റൂമുകളിലെ ഇരുണ്ട മൂലകളിൽ അധ്യാപകർ മഹത്തായ പാശ്ചാത്യ കലാസൃഷ്ടികളെക്കുറിച്ച് ക്ലാസ്സെടുക്കുന്നത് ആവേശത്തോടും ആകാംക്ഷയോടും ഞാൻ കേട്ടുനിന്നിരുന്നു. ഫൈൻ ആർട്സ് ഡിപ്പാർട്ട്മെന്റിൽ ജോലിചെയ്യുന്ന കാലത്ത് ലൈബ്രറിയിലെ കലാപുസ്തകങ്ങളിൽ തലപൂഴ്ത്തിയായിരുന്നു പകലുകൾ ചെലവഴിച്ചിരുന്നത്. ചിക്കാഗോയിലെയും മോൺട്രിയലിലെയും ടൊറന്റോയിലെയും കലാമ്യൂസിയങ്ങൾ സ്ഥിരമായി സന്ദർശിച്ചിരുന്ന കാലമായിരുന്നു അത്. അത്തരം കലാ സൃഷ്ടികളിലൂടെ ഞാൻ എന്താണ് കാണാൻ ശ്രമിച്ചത്?

ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് എനിക്ക് ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. അന്നുമുതൽ വളരെ കുറച്ചുമാത്രമേ ദൈവത്തെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും ഞാൻ ആലോചിച്ചിരുന്നുള്ളൂ. കോളേജിലെ ഫിലോസഫി ക്ലാസ്സുകൾ എന്നെ പ്ലാറ്റോ, ദെക്കാർത്ത്, നീഷെ തുടങ്ങിയവരുടെയടുത്ത് എത്തിച്ചു. പക്ഷേ, എന്നെപ്പോലുള്ളവർ ചെന്നുപെട്ടത് അസ്തിത്വവാദ(Existentialism)ത്തിലാണ്. തീർത്തും നിരാശജനകമായ അവസ്ഥയായിരുന്നു അത്. കലയും കലാസൃഷ്ടികളും എത്രതന്നെ സർഗപരവും നിർമാണാത്മകവും ആയിരുന്നാലും ചില മൂല്യങ്ങളുടെയും കാഴ്ചപ്പാടുകളുടെയും അഭാവത്തിൽ അതെത്രമാത്രം വിരൂപമാണെന്ന് അക്കാലത്ത് എനിക്കറിയാൻ സാധിച്ചു. കലാകാരന്മാർക്ക് ഞാൻ കല്പിച്ചിരുന്ന അപ്രമാദിത്വത്തിന് അങ്ങനെ ഇടിവ് സംഭവിച്ചു.

ശേഷം ഞാൻ ധാരാളം സാധാരണക്കാരായ ജനങ്ങളെ അടുത്തറിഞ്ഞു. അവർ മഹാന്മാരുടെയും സുന്ദരികളായ സ്ത്രീകളുടെയും ചിത്രങ്ങൾ വരക്കുന്നവരായിരുന്നില്ല. ദൈവങ്ങളുടെയും മറ്റും ശില്പങ്ങൾ ഉണ്ടാക്കുന്നവരുമായിരുന്നില്ല. എന്നിരുന്നാലും അവർ ദൈവത്തെ അറിഞ്ഞിരുന്നു. അവർ സ്ത്രീകളുടേതടക്കം നല്ല സൃഷ്ടികളെ മനസ്സിലാക്കുന്നവരും ബഹുമാനിക്കുന്നവരുമായിരുന്നു. അവർ ഒരിക്കലും കാരണങ്ങളുടെ പിറകെ പോയിരുന്നില്ല, മറിച്ച് ഫലങ്ങളിൽ വിശ്വസിക്കുന്നവരായിരുന്നു.

എന്റെ ഭർത്താവ് ആദ്യനാളുകളിൽ ഏറെ ബഹുമാനിച്ചിരുന്ന ഒരു സ്ത്രീയെപ്പറ്റി വാചാലനാകുമായിരുന്നു. അവരുടെ ബുദ്ധി സാമർഥ്യത്തെപ്പറ്റി, വാഗ്മിത്വത്തെപ്പറ്റി, കാരുണ്യത്തെപ്പറ്റിയെല്ലാം. ഈ സ്ത്രീ തന്റെ കുട്ടികൾക്ക് ആധുനിക വിദ്യാഭ്യാസവും പാരമ്പര്യ വിദ്യാഭ്യാസവും നൽകുന്നതിൽ ശ്രദ്ധാലുവായിരുന്നു. അഭയാർഥി ക്യാമ്പുകളിലേക്കും അനാഥാലയങ്ങളിലേക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള അവരുടെ യാത്രകളുടെ വിവരണം എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. അങ്ങേയറ്റം ബഹുമാനത്തോടുകൂടിയായിരുന്നു, അവർ റഗുലർ ക്ലാസ്സുകളിൽ പകർന്നു നൽകിയിരുന്ന മതപാഠങ്ങളെക്കുറിച്ച് ഭർത്താവ് പറഞ്ഞിരുന്നത്. അഭയാർഥി ക്യാമ്പുകളിൽ ധാരാളമായി മുഴുകേണ്ടിവരുന്ന സന്ദർഭങ്ങളിൽ അവർ എന്റെ ഭർത്താവിനായി ഭക്ഷണം തയാറാക്കി നൽകിയിരുന്നു. അവസാനം എനിക്ക് ആ സ്ത്രീയെ കാണാൻ കഴിഞ്ഞപ്പോഴാകട്ടെ, അവർ തലമുതൽ കാലുവരെ മറച്ചിരുന്നു. എന്നെ അദ്ഭുതപ്പെടുത്തിയ വസ്തുത എന്റെ ഭർത്താവും അവരുടെ മുഖം അതുവരെ കണ്ടിട്ടുണ്ടായിരുന്നില്ല എന്നതാണ്. എന്നിരുന്നാലും അവരെ അറിഞ്ഞിരുന്നു, അവരുടെ പ്രവർത്തനങ്ങളിലൂടെ, അവരുടെ പ്രവർത്തനങ്ങൾ

സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങളിലൂടെ.

പാശ്ചാത്യ നാഗരികത കാഴ്ചയുടെ സംസ്കാരവുമായി വളരെ കാലങ്ങളായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. ഇതിന്റെ ഗുണപരമായ വശം, കലാകാരൻ ജീവിച്ചിരുന്നാലും മരിച്ചാലും കലാസൃഷ്ടി നൽകുന്ന ആശയങ്ങൾക്ക് പ്രസക്തി നഷ്ടപ്പെടുന്നില്ല എന്നതാണ്. എന്നാൽ ജനപ്രിയ സംസ്കാരത്തിന്റെ അമിതമായ സ്വാധീനം കലകളിലെ മൂല്യങ്ങളെ ദോഷകരമായി ബാധിച്ചിരിക്കുന്നു. കാണാൻ പറ്റുന്നതുമാത്രമേ ശരിയും മൗലികവുമാകുന്നുള്ളൂ എന്ന തലത്തിലേക്ക് കാര്യങ്ങളെത്തിയിരിക്കുന്നു.

ഇസ്‌ലാമിക നാഗരികതയിൽ ദൈവത്തെയും അവന്റെ സൃഷ്ടികളെയും ഓർത്തിരിക്കുന്നതിന് കാഴ്ചയുടെതായ ഒരു പ്രസക്തിയുമില്ല. ദൈവം മറഞ്ഞിരിക്കുന്നവനാണ്, മനുഷ്യന്റെ നഗ്ന നേത്രങ്ങൾ കൊണ്ട് കാണാൻ കഴിയില്ല. പക്ഷേ, മനുഷ്യർക്ക് അല്ലാഹു നൽകിയ ദൃഷ്ടാന്തങ്ങളുടെ സൂക്ഷ്മ വായനകളിലൂടെ അവനെ അനുഭവിക്കാൻ കഴിയും.

'തങ്ങൾക്കുമീതെ ചിറകുവിരുത്തിയും ചുരുട്ടിയും പറക്കുന്ന പക്ഷികളെ ഇവർ കാണുന്നില്ലയോ, കരുണാമയനായ ദൈവമല്ലാതാരും അവയെ പിടിച്ചു നിർത്തുന്നില്ല. അവൻ എല്ലാം വീക്ഷിക്കുന്നവനല്ലോ' (*അൽ മുൽക്*: 19).

ദൈവം തന്റെ സൃഷ്ടികളെ കവിഞ്ഞ് നിൽക്കുന്നു. അവരുടെ വിദൂരസങ്കല്പങ്ങളിൽ പോലും അല്ലാഹുവിനെ വരയ്ക്കാൻ അവർക്ക് കഴിയാറില്ല. ഇസ്‌ലാമിക നിയമമനുസരിച്ച് ദൈവത്തെ വരകളും ചിത്രങ്ങളുമുപയോഗിച്ച് സങ്കല്പിക്കാൻ ശ്രമിക്കുന്നത് മതത്തിന്റെ അടിസ്ഥാനങ്ങളെ ലംഘിക്കുന്നതിന് സമമാണ്. പകരം മുസ്‌ലിംകൾ ദൈവത്തെ അറിയാൻ, അവൻ പറഞ്ഞു തന്ന മാർഗങ്ങളെ അവലംബിക്കുന്നു. അല്ലാഹുവിന്റെ 99 നാമങ്ങൾ മുസ്‌ലിം ലോകത്തെമ്പാടും പദ്യരൂപത്തിൽ ചൊല്ലാറുണ്ട്. കാരുണ്യവാൻ, കരുണാനിധി, സർവജ്ഞൻ, മാപ്പരുളുന്നവൻ തുടങ്ങിയ അർഥങ്ങൾ വരുന്ന ഖുർആൻ വാക്യങ്ങൾ ആളുകൾ ആഭരണങ്ങളിലും വസ്ത്രങ്ങളിലും ആലേഖനം ചെയ്യാറുണ്ട്. ഓരോ വായനയിലും വ്യത്യസ്തങ്ങളായ ആത്മീയ, ഭൗതിക, ബൗദ്ധിക അനുഭവങ്ങളാണ് ഇവ ഭക്തർക്ക് നൽകുന്നത്.

പണ്ടുമുതലേ വിഗ്രഹാരാധനയെ അത്യന്തം ജാഗ്രതയോടെ നോക്കിയിരുന്ന പൂർവികർ ദൈവത്തിന്റെ മാത്രമല്ല, നല്ലവരായ ദൈവവിശ്വാസികളുടെപോലും ചിത്രങ്ങൾ ഉണ്ടാക്കാതിരിക്കാൻ ശ്രദ്ധിച്ചു. മുഹമ്മദ് നബിക്ക് വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്നവരുടെ ചിത്രങ്ങൾ വ്യാപകമായി പ്രചരിച്ചപ്പോൾ പോലും നബിയുടെ ഒരു ചിത്രവും വന്നില്ല എന്നത് ഈ ജാഗ്രതയുടെയും വിശ്വാസത്തിന്റെയും പിൻബലം മൂലമാണ്. ആളുകളെ ഓർമിക്കാനും വിലയിരുത്താനും സ്മാരകങ്ങളും ശില്പങ്ങളും ചിത്രങ്ങളും വേണ്ടിവരുന്ന ഈ കാലത്ത് ഇതൊന്നുമില്ലാതെതന്നെ നബിയുടെ പേരുപറയുമ്പോൾ സ്നേഹവും ബഹുമാനാദരങ്ങളും കൊണ്ട് 'അല്ലാഹുവിന്റെ രക്ഷ നബിയുടെ മേൽ എപ്പോഴുമുണ്ടായിരിക്കട്ടെ' എന്ന് പ്രാർഥിക്കുന്നു.

വാക്കുകളിലൂടെയും എഴുത്തിലൂടെയുമാണ് പ്രവാചകന്റെ വാക്കുകൾ ലോകം മുഴുവൻ വ്യാപിച്ചത്. അദ്ദേഹത്തിന്റെ ജീവചരിത്രം, *സീറത്തുന്നബി* ഗദ്യത്തിലൂടെയും പദ്യത്തിലൂടെയും ലോകം മുഴുവൻ പ്രചരിക്കുന്നു. പ്രവാചകന്റെ ജീവിതചര്യകൾ (സുന്നത്തുകൾ), അദ്ദേഹത്തിന്റെ ജീവിത സാക്ഷ്യങ്ങൾ (ഹദീസുകൾ) ഓരോ മുസ്‌ലിമും തന്റെ ജീവിതവിജയത്തിന്റെ അനിവാര്യതയായി കരുതി സൂക്ഷ്മതയോടെ പിന്തുടരുന്നു.

'തീർച്ചയായും അല്ലാഹുവിലും അന്ത്യദിനത്തിലും പ്രതീക്ഷ പുലർത്തുകയും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുകയും ചെയ്യുന്നവർക്ക് അവന്റെ ദൂതനിൽ വിശിഷ്ടമായ മാതൃകയുണ്ട്' (*അൽ അഹ്സാബ്*).

ഈ ഖുർആൻ വാക്യത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ലോകമെമ്പാടുമുള്ള മുസ്‌ലിംകൾ പുരുഷനാകട്ടെ സ്ത്രീയാകട്ടെ, പാവപ്പെട്ടവനാകട്ടെ പണക്കാരനാകട്ടെ, യുവാവാകട്ടെ വൃദ്ധനാകട്ടെ എല്ലാ വ്യത്യാസങ്ങൾക്കുമുപരിയായി തങ്ങളുടെ കഴിവിൻ പരമാവധി പ്രവാചകനെ പിൻപറ്റാൻ ശ്രമിക്കുന്നു. പ്രവാചകന്റെ ഏറ്റവും മനോഹരമായ ഛായാചിത്രം, പിൻപറ്റുന്നവരുടെ ജീവിതങ്ങളാൽ വരയ്ക്കപ്പെടുന്നു. തലമുറകൾ കഴിഞ്ഞിട്ടും പ്രവാചകചര്യകളുടെ സ്വാധീനം മുസ്‌ലിം മനസ്സുകളിൽ നിലനിൽക്കുന്നു. ഇനിയും തലമുറകളിലൂടെ പകർന്നുകൊണ്ട് നിലനിൽക്കുകയും ചെയ്യും. ഒരിക്കൽ എന്റെ മകന്റെ മതപഠനക്ലാസ്സ് സന്ദർശിച്ചപ്പോൾ, അവന്റെ വസ്ത്രധാരണ രീതിയും ഖുർആൻ പാരായണവും പെരുമാറ്റ രീതികളും, മഹത്തായ ഒരു പ്രവാചകന്റെ പാരമ്പര്യമാണവൻ പിൻപറ്റുന്നതെന്നറിഞ്ഞ എനിക്കനുഭവപ്പെട്ട അനുഭൂതി അനിർവചനീയമാണ്.

ലോകത്തെമ്പാടുമുള്ള മുസ്‌ലിംകളിൽ സാത്വികരായ ആളുകളുണ്ട്, അതോടൊപ്പം താന്തോന്നികളും ക്രിമിനലുകളുമുണ്ട്. ചിലർ മതചിഹ്നങ്ങളാൽ സ്വാധീനിക്കപ്പെട്ടവരാണ്. മറ്റുചിലരാകട്ടെ, ജനപ്രിയമോ പാരമ്പര്യത്തിലൂന്നിയുള്ളതോ ആയ സാംസ്കാരിക സവിശേഷതകളാൽ സ്വാധീനിക്കപ്പെട്ടവരാണ്. ദുഃഖകരമെന്നു പറയട്ടെ, പ്രവാചകന്റെ സവിശേഷതകളായ ദേഷ്യമടക്കാനുള്ള കഴിവ്, സ്ത്രീകളോട് ഏറ്റവും മാന്യമായ പെരുമാറ്റം, പ്രതിജ്ഞാ പാലനം തുടങ്ങിയ ഗുണങ്ങൾ മുസ്‌ലിം അധീശ സംസ്കാരങ്ങളിൽ പലപ്പോഴും കാണാറില്ല. എന്നാൽ ഉദാരത, ലാളിത്യം, ആതിഥ്യം തുടങ്ങിയ പ്രവാചക ഗുണങ്ങൾ പല മുസ്‌ലിം നാടുകളിലും വേരുറച്ചതായി കാണാം. പ്രവാചകന്റെ അനുചരന്മാർ വിശേഷിപ്പിച്ച പോലെ, അദ്ദേഹത്തിന്റെ പ്രധാന സവിശേഷതകളിലൊന്നായ ജനങ്ങളോടുള്ള ഏറ്റവുംനല്ല പെരുമാറ്റം മുസ്‌ലിം സമൂഹങ്ങളിൽ അവഗണിക്കപ്പെട്ടു കിടക്കുന്നു.

അമേരിക്കയിലാകുമ്പോൾ എന്റെ മകന്റെ മാതൃകാ പുരുഷൻ ഒരു പക്ഷേ സിനിമാ നടനോ, റാപ്പ് ഗായകനോ കായിക താരമോ ആയേക്കാം. നാം പറയാറുണ്ട് കുട്ടികൾ തങ്ങൾക്ക് ചുറ്റുമുള്ള പരിസരങ്ങളാൽ, വ്യക്തികളാൽ വളരെ പെട്ടെന്ന് സ്വാധീനിക്കപ്പെടുന്നവരാണെന്ന്. അതിനാൽ നാം നമ്മുടെ കുട്ടികൾക്ക് ഉചിതരായ വ്യക്തികളെ അന്വേഷിക്കുന്നു.

പാരീസിന്റെ തെരുവിൽ താമസിക്കുന്ന പടിഞ്ഞാറൻ ആഫ്രിക്കക്കാരായ വിദ്യാർഥികളാണ് എനിക്ക് ഇസ്‌ലാം അന്വേഷണത്തിന്റെ ആദ്യ പാഠങ്ങൾ പഠിപ്പിച്ചു തന്നത്. അക്കാലത്ത് എനിക്ക് അറിയില്ലായിരുന്നുവെങ്കിലും ആ വിദ്യാർഥികൾ പ്രവാചകന്റെ സുന്നത്തുകൾ പിന്തുടരുന്നതിൽ വളരെയധികം ജാഗ്രത പുലർത്തുന്നവരായിരുന്നു. സ്വാഭാവികമായ നല്ല ഗുണങ്ങൾക്കു പുറമേ ഞാൻ അറിഞ്ഞിട്ടുള്ളവരിൽവെച്ച് ഏറ്റവും ഉദാരരായ മനുഷ്യരായിരുന്നു അവർ. താമസിക്കുന്ന മുറിയും കഴിക്കുന്ന അരിയും പയറുവർഗങ്ങളും വരെ അവർ പരസ്പരം പങ്കുവെച്ചു. ഇക്കാലത്തിനിടയിൽ ധാരാളം മുസ്‌ലിം രാജ്യങ്ങളിലൂടെ ഞാൻ യാത്ര ചെയ്തിട്ടുണ്ട്. പ്രതിസന്ധിഘട്ടങ്ങ

ളിൽ പോലും മറ്റുള്ളവരെ സഹായിക്കുന്നത് ആത്മനിരാസത്തെയല്ല എന്നെ ഓർമി പ്പിച്ചത്, മറിച്ച് അപരനിൽ പോലും തന്നെ കണ്ടെത്തുന്ന ആ സുകൃതത്തെക്കു റിച്ചാണ്. പ്രവാചകൻ പറഞ്ഞിട്ടുണ്ട്: 'രണ്ടു പേർക്കുള്ള ഭക്ഷണം മൂന്നു പേർക്ക് മതി യാകും. അത് പോലെ മൂന്നു പേർക്കുള്ളത് നാലു പേർക്കും നാലു പേർക്കുള്ളത് അഞ്ചു പേർക്കും മതിയാകും'. കൊസോവോക്ക് നേരെയുള്ള ആക്രമണ കാലത്ത്, അൽബേനിയൻ മുസ്‌ലിംകളുടെ വീടുകൾ പരമാവധി അഭയാർഥികളെ ഉൾക്കൊണ്ടിരു ന്നു. ചെറിയ ആ വീടുകളിൽ ഓരോ നേരവും ഇരുപതോളം പേർക്കുള്ള ഭക്ഷണം തയാറാക്കിയിരുന്നു. 'നിങ്ങളേക്കാൾ സമ്പത്തുള്ളവരെ കാണുമ്പോൾ നിങ്ങൾ കഴിവു കുറഞ്ഞവരിലേക്ക് നോക്കുക.'

പാകിസ്താനിലെ അഭയാർഥി ക്യാമ്പുകളിൽ ജോലി ചെയ്യുന്ന കാലത്താണ് ഞാൻ വിവാഹിതയായത്. കുറഞ്ഞ വരുമാനം മാത്രമുള്ള കാലം. കല്യാണം കഴിഞ്ഞ് കുറച്ചു നാളുകൾക്കു ശേഷം അഭയാർഥിക്യാമ്പിലെത്തിയ എന്നോട് ഒരു അഫ്ഗാൻ സ്ത്രീ വളരെ താൽപര്യത്തോടെ എന്റെ വിവാഹ വസ്ത്രത്തെക്കുറിച്ചും ആഭരണ ങ്ങളെക്കുറിച്ചും അന്വേഷിച്ചു. ഇസ്‌ലാമിക ലോകത്ത് ഭർത്താവ് തന്റെ ഇണക്ക് നൽകുന്ന സമ്മാനങ്ങളാണവ. ഞാനെന്റെ ഒറ്റ മോതിരവും കടംവാങ്ങിയ വിവാഹ വസ്ത്രവും അവരെ കാണിച്ചപ്പോൾ അവരെന്റെ കണ്ണുകളിലേക്ക് ദുഃഖത്തോടെയും സഹതാപത്തോടെയും കുറച്ചു നേരം നോക്കി നിന്നു. കലാപംമൂലം വീടും രാജ്യവും ഉപേക്ഷിക്കേണ്ടിവന്ന ആ അഫ്ഗാൻ സ്ത്രീ, സ്ത്രീകൾക്ക് ഭർത്താക്കന്മാരും കുട്ടികളും നഷ്ടപ്പെടുന്ന, ഒരു നേരത്തെ ഭക്ഷണത്തിന് തങ്ങൾക്ക് പ്രിയങ്കരമായ വിവാഹാഭരണ ങ്ങൾ പോലും വിൽക്കേണ്ടി വരുന്ന ആ സമയത്ത്, എനിക്കുവേണ്ടി മനോഹരമായ സിൽക്കുകൊണ്ട് അലങ്കാരപ്പണി ചെയ്ത ബ്രിട്ടീഷ് പാന്റും അതിനു യോജിച്ച ഇളം ചുവപ്പ് നിറത്തിലുള്ള വസ്ത്രവും നീല മിനുസമുള്ള കമ്പിളികൊണ്ടുള്ള തലമറക്കു ന്നതിനുള്ള തുണിയും കൊണ്ടുവന്നു. എനിക്ക് ലഭിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും മൂല്യവ ത്തായ സമ്മാനം അതാണ്. വസ്ത്രത്തിന്റെ മനോഹാരിതക്കപ്പുറം അത് എനിക്കു നൽകിയ സഹോദര്യത്തിന്റെയും സഹാനുഭൂതിയുടെയും ഉദാത്തമായ പാഠങ്ങളായി രുന്നു അതിന്റെ മൂല്യം.

'ഒരു ചെറു പുഞ്ചിരി പോലും നന്മയാണ്' എന്ന് പഠിപ്പിച്ച പ്രവാചകന്റെ അനുച രന്മാരുടെ മുഖത്തുനിന്ന് ആ നന്മയുടെ നനവുകൾ കണ്ടെത്താൻ നമുക്ക് കഴിയും. ലോകം ഉറങ്ങുമ്പോൾ സ്രഷ്ടാവിനു മുമ്പിൽ ദീർഘനേരം സാഷ്ടാംഗം വീഴുന്ന, ഉപ വാസത്തിലൂടെ അന്യരുടെ വിശപ്പറിയാൻ ശ്രമിക്കുന്ന അനുയായികളാണ് പ്രവാചക പാരമ്പര്യത്തിന്റെ ഏറ്റവും മൂല്യവത്തായ കൈമുതൽ. അതിനാൽ നിങ്ങൾക്ക് പ്രവാച കനെ അറിയണമെങ്കിൽ അദ്ദേഹത്തിന്റെ ഏറ്റവും നല്ല അനുയായികളെ അറിയുക.

*(ഇസ്‌ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്ക(ഇസ്ന)യുടെ പ്രസിഡന്റാണ് ലേഖിക)*

**(imattson@hartsem.edu)**

**വിവ: ഉബൈദുർറഹ്മാൻ**